അബ്ദുല്ല മൻഹാം

# ഖുർആനിലെ അവ്യയങ്ങൾ-2

കഴിഞ്ഞ പാഠത്തിലെ അവ്യയങ്ങളുടെ (حروف) തുടർച്ച യാണ് ഇത്തവണ. വാക്കുകളെ പരസ്പരം ബന്ധിപ്പിക്കാനും അർഥവ്യത്യാസം വരുത്താനും അവ്യയങ്ങൾ അത്യാവശ്യമാണ്. ب - ك - ل - و - من എന്നീ അഞ്ചെണ്ണം നാം പഠിച്ചു കഴിഞ്ഞു. അടുത്തതായി ഒരു മൂവർ സംഘത്തെ പരിചയപ്പെടാം.

إلى - على - في ഈ മൂന്നിലും അവസാനത്തെ അക്ഷരം ي ആണല്ലോ. ആദ്യത്തെ രണ്ടിലും അകാരമായും അവസാനത്തേതിൽ ഇകാരമായുമാണ് ي യുടെ ഉച്ചാരണം എന്ന വ്യത്യാസമുണ്ട്. ആദ്യത്തെ രണ്ടിലും മൂന്നക്ഷരങ്ങളാണെങ്കിൽ അവസാനത്തേതിൽ രണ്ടക്ഷരങ്ങളാണുള്ളത്. ഇവയുടെ അർഥവും ഉദാഹരണങ്ങളും ശ്രദ്ധിക്കൂ.

| അവ്യയം | അർഥം | ഉദാ: (ആയത്ത് നമ്പർ) |
|---|---|---|
| إِلَى (742 തവണ) | ....ലേക്ക്, .....വരെ | وَإِلَى ٱللَّهِ تُرْجَعُ ٱلْأُمُورُ അല്ലാഹുവിലേക്കാകുന്നു കാര്യങ്ങൾ മടക്കപ്പെടുന്നത് (3:109).<br>وَٱللَّهُ يَدْعُوٓاْ إِلَىٰ دَارِ ٱلسَّلَٰمِ അല്ലാഹു ശാന്തിയുടെ ഭവനത്തിലേക്ക് ക്ഷണിക്കുന്നു (10:25).<br>ٱذْهَبْ إِلَىٰ فِرْعَوْنَ ഫിർഔന്റെ അടുത്തേക്ക് പോകൂ! (79:17).<br>مِّنَ ٱلْمَسْجِدِ ٱلْحَرَامِ إِلَى ٱلْمَسْجِدِ ٱلْأَقْصَا അൽമസ്ജിദുൽ ഹറാമിൽനിന്ന് അൽഅഖ്സാ മസ്ജിദുവരെ (17:01). |
| عَلَى (1442) | ....മേൽ, മീതെ, .......ന് | خَتَمَ ٱللَّهُ عَلَىٰ قُلُوبِهِمْ അവരുടെ ഹൃദയങ്ങളുടെമേൽ അല്ലാഹു മുദ്ര വെച്ചിരിക്കുന്നു (2:7).<br>سَلَٰمٌ عَلَىٰٓ إِبْرَٰهِيمَ ഇബ്റാഹീമിന് സമാധാനം (37:109).<br>وَلَا يَحُضُّ عَلَىٰ طَعَامِ ٱلْمِسْكِينِ പാവപ്പെട്ടവന്റെ ആഹാരത്തിന്റെ കാര്യത്തിൽ അവൻ പ്രേരണ നടത്തുകയില്ല (107:3). |
| فِي (1701) | ....ഇൽ | فِى لَيْلَةِ ٱلْقَدْرِ വിധിനിർണായക രാവിൽ (97:1).<br>فِى صُدُورِ ٱلنَّاسِ ജനങ്ങളുടെ ഹൃദയങ്ങളിൽ (114:5).<br>رَبَّنَآ ءَاتِنَا فِى ٱلدُّنْيَا حَسَنَةً وَفِى ٱلْأَخِرَةِ حَسَنَةً وَقِنَا عَذَابَ ٱلنَّارِ ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്ക് ദുൻയാവിൽ നന്മ നൽകേണമേ! പരലോകത്തും നന്മ നൽകേണമേ!<br>فِى دِينِ ٱللَّهِ അല്ലാഹുവിന്റെ ദീനിൽ (110:2). |

**കുറിപ്പ്:** إلى + على + في എന്നീ حرف കൾ തനിച്ച് വന്നതും (405+670+1186) സർവനാമങ്ങൾ/മറ്റ് حرف കൾ എന്നിവയോട് ചേർന്നുവന്നതും ആകെ എണ്ണിയാൽ മൊത്തം 3885 തവണ ആവർത്തിച്ചതായി കാണാം.

പ്രസ്തുത മൂന്ന് അവ്യയങ്ങളുടെയും സാമാന്യമായ അർഥവും ഉദാഹരണങ്ങളും ആണ് നാം മനസ്സിലാക്കിയത്. ക്രിയകളുടെ കൂടെ വരുമ്പോൾ അൽപാൽപ്പം വ്യത്യാസമുള്ള അർഥത്തിലും ഉപയോഗിച്ചു കാണാറുണ്ട്. പഠനം പുരോഗമിക്കുന്ന മുറക്ക് അത് എളുപ്പത്തിൽ മനസ്സിലാകുന്നതാണ്.

അടുത്തതായി, ഈ അവ്യയങ്ങളും ഒന്നാം പാഠത്തിൽ പഠിച്ച ആറ് സർവനാമങ്ങളും ചേർത്തു നോക്കാം.

| حرف | ضمير | ചേർത്താൽ | അർഥം |
|---|---|---|---|
| إِلى | هُوَ | إِلَيْه | അവനിലേക്ക്/അവന്റെ അടുത്തേക്ക് |
| الى | هُمْ | إِلَيْهِمْ | അവരിലേക്ക്/അവരുടെ അടുത്തേക്ക് |
| الى | أَنْتَ | إِلَيْكَ | നിന്നിലേക്ക്/നിന്റെ അടുത്തേക്ക് |
| الى | أَنْتُمْ | إِلَيْكُمْ | നിങ്ങളിലേക്ക്/നിങ്ങളുടെ അടുത്തേക്ക് |
| الى | أَنَا | إِلَيَّ | എന്നിലേക്ക്/എന്റെ അടുത്തേക്ക് |
| الى | نَحْنُ | إِلَيْنَا | നമ്മിലേക്ക്/ഞങ്ങളുടെ അടുത്തേക്ക് |
| على | هو | عَلَيْه | അവന്റെ/അദ്ദേഹത്തിന്റെ മേൽ |
| على | هم | عَلَيْهِمْ | അവരുടെ മേൽ |
| على | أنت | عَلَيْكَ | നിന്റെ മേൽ |
| على | أنتم | عَلَيْكُمْ | നിങ്ങളുടെ മേൽ |
| على | أنا | عَلَيَّ | എന്റെ മേൽ |
| على | نحن | عَلَيْنَا | ഞങ്ങളുടെ മേൽ |
| فِي | هو | فِيْه | അതിൽ |
| فِي | هم | فِيْهِمْ | അവരിൽ |
| فِي | أنت | فِيْكَ | നിന്നിൽ |
| فِي | أنتم | فِيْكُمْ | നിങ്ങളിൽ |
| فِي | أنا | فِيَّ | എന്നിൽ |
| فِي | نحن | فِيْنَا | ഞങ്ങളിൽ |

സർവനാമങ്ങളിൽ സ്ത്രീലിംഗം നാം ഇതുവരെ ഉൾപ്പെടുത്തിയിരുന്നില്ല. അതുകൂടി സൂചിപ്പിച്ച് ഈ പാഠം അവസാനിപ്പിക്കാം.

| പുല്ലിംഗം | അർഥം | സ്ത്രീലിംഗം | അർഥം |
|---|---|---|---|
| هُو | അവൻ | هِيَ | അവൾ |
| فِيهِ | അതിൽ/ അവനിൽ | فِيهَا | അതിൽ/ അവളിൽ |
| إِلَيْهِ | അവനിലേക്ക്/ അതിലേക്ക് | اِلَيْهَا | അവളിലേക്ക്/ അതിലേക്ക് |
| عَلَيْهِ | അതിന്മേൽ/ അവന്മേൽ | عَلَيْهَا | അതിന്മേൽ/ അവളുടെമേൽ |
| لَهُ | അവന്ന്/ അതിന്ന് | لَهَا | അവൾക്ക്/ അതിന്ന് |